"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്- കേരള സ്റ്റേറ്റ് ഐ ടി മിഷൻ- 2023-24 വർഷത്തെ പ്ലാൻ സ്കീമുകൾ - സ്റ്റേറ്റ് ഡാറ്റാ സെന്റർ , പബ്ലിക് വൈ-ഫൈ പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി)വകുപ്പ്**

**G.O.(Rt)No.194/2023/ITD** തീയതി,തിരുവനന്തപുരം, **15-09-2023**

---

പരാമർശം:-

1. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ **12/06/2023** തീയതിയിലെ **KSITM/Finance/91/2022** നം കത്ത്.
2. **10/ 08/ 2023** ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. സ.ഉ(പി).നം **76/2019**/ധന തീയതി **02.07.2019.**
4. സ.ഉ(പി).നം **81/2019**/ധന തീയതി **09.07.2019.**

**ഉത്തരവ്**

സ്റ്റേറ്റ് ഡാറ്റാ സെന്റർ, പബ്ലിക് വൈ-ഫൈ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി പരാമർശം (1) പ്രകാരം നിർദ്ദേശം സമർപ്പിച്ചിരുന്നു. സ്റ്റേറ്റ് ഡാറ്റാ സെന്റർ പദ്ധതിയ്ക്ക് 33 കോടി രൂപയും പബ്ലിക് വൈ-ഫൈ പദ്ധതിയ്ക്ക് 20 കോടി രൂപയും ആണ് ആവശ്യപ്പെട്ടിരുന്നത്.

(2) 10.08.2023 ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ സമർപ്പിച്ച നിർദ്ദേശം പരിശോധിക്കുകയും സ്റ്റേറ്റ് ഡാറ്റാ സെന്റർ പദ്ധതിയ്ക്ക് നിയമനങ്ങൾ ആവശ്യമാണെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, നടപ്പു സാമ്പത്തിക വർഷം (2023-24) പദ്ധതി നിർവഹണത്തിനായി ചുവടെ കാണും പ്രകാരം ഭരണാനാനുമതി നൽകുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി.

| ശീർഷകം | | 4859-02-004-90 |
|---|---|---|
| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
| 1 | സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ | 2000 |
| 2 | പബ്ലിക് വൈ-ഫൈ | 2000 |
| | ആകെ | 4000 |

(3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, പരാമർശം (2) ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ശുപാർശ ചെയ്ത പ്രകാരം, താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**I . സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ (ശീർഷകം-4859-02-004-90) - 20 കോടി**

കേരള സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകൾ ഹോസ്റ്റ് ചെയ്യുക, അവയുടെ സെർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോട് കൂടിയാണ് ഡാറ്റാ സെന്റർ സ്ഥാപിച്ചിരിക്കുന്നത്. വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളും സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഡാറ്റയും ഹോസ്റ്റുചെയ്യുന്നതിന് കോ-ഹോസ്റ്റിംഗ്, കോ-ലൊക്കേഷൻ, *IaaS*-**Infrastructure as a Service**(ഒരു സേവനമെന്ന നിലയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക)എന്നിവയാണ് സംസ്ഥാന ഡാറ്റാ സെന്ററുകളുടെ ലക്ഷ്യങ്ങൾ.

<u>പദ്ധതിയുടെ വിശദാംശങ്ങൾ -</u>

| ഘടകം | വിവരണം |
|---|---|
| ചെലവഴിക്കേണ്ട തുക | **20** കോടി |
| നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ | ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ കാണാവുന്നതാണ്. |
| പദ്ധതിയുടെ ഫലം | • ടയർ-**III** മാനദണ്ഡങ്ങളോടെ **SDC-2**-ൽ സെർവർ ഫാമിന്റെ വിപുലീകരണം<br>• രണ്ട് സംസ്ഥാന ഡാറ്റാ സെന്ററുകളിലും ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റം (ബിഎംഎസ്) നവീകരണം<br>• സംസ്ഥാന ഡാറ്റാ സെന്ററുകളുടെ ഐടി ഇൻഫ്രാസ്ട്രക്ചർ വർദ്ധിപ്പിക്കുക<br>• സംസ്ഥാന ഡാറ്റാ സെന്ററുകളുടെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുക.<br>• ബിസിനസ്സ് തുടർച്ചയ്ക്കും നിർണായക ആപ്ലിക്കേഷനുകൾക്കായുള്ള ഡാറ്റ ബാക്കപ്പിനുമായി **Nearline, Far DR** സൈറ്റ് പ്രവർത്തനം |
| ആസ്തി രൂപീകരണം | ഐടി & സോഫ്റ്റ്‌വെയർ ആസ്തികൾ |
| പൊതുജനത്തിനുള്ള പ്രയോജനം | സർക്കാർ വകുപ്പുകൾക്ക് ആപ്പ്ലിക്കേഷനുകൾ ഹോസ്റ്റുചെയ്യുന്നതിനാവശ്യമായ ഐടി ഇൻഫ്രാസ്ട്രക്ചർ നൽകിക്കൊണ്ട് പൗരന്മാർക്കുള്ള സേവന വിതരണം മെച്ചപ്പെടുത്തുന്നു. |
| പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ | • സെർവർ ഫാം ഏരിയയുടെ വിപുലീകരണം<br>• ഐടി ഇൻഫ്രാസ്ട്രക്ചർ നവീകരണം<br>• ആപ്ലിക്കേഷൻ പെർഫോമൻസ് ടൂളുകൾ, അസറ്റ് മാനേജ്മെന്റ്, ഐപിഎം, ഐടി സർവീസ് മാനേജ്മെന്റിനുള്ള ഏകീകൃത പോർട്ടൽ, ഐഡന്റിറ്റി & ആക്സസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ തുടങ്ങിയവ.<br>• കോഴിക്കോട് നെറ്റ്‌വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ (എൻഒസി) നവീകരണം. |
| ഗുണഭോക്താക്കൾ | സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ. |

2023 -24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുടെ ഫണ്ട് വിവരങ്ങൾ :

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഡാറ്റാ സെന്റർ ഓപ്പറേറ്റർക്കുള്ള തുക | 350 |
| 2 | സോഫ്റ്റ്‌വെയർ ചിലവുകൾ(ആപ്ലിക്കേഷൻ പെർഫോമൻസ് ടൂളുകൾ, അസറ്റ് മാനേജ്മെന്റ് & ഐപിഎം, ഐടി സർവീസ് മാനേജ്മെന്റിനുള്ള ഏകീകൃത പോർട്ടൽ, ഐഡന്റിറ്റി & ആക്സസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ തുടങ്ങിയവ.) | 300 |
| 3 | ബാക്ക് അപ്പ് , സ്റ്റോറേജ് ഇൻഫ്രാസ്ട്രക്ചർ ചെലവുകൾ | 120 |
| 4 | കോഴിക്കോട് NOC യുടെ നവീകരണം | 100 |
| 5 | തേർഡ് പാർട്ടി ഓഡിറ്റർ, STQC Audit തുക | 80 |
| 6 | കൺസൾട്ടൻസി തുക | 175 |
| 7 | ബാൻഡ്‌വിഡ്ത് തുക | 100 |
| 8 | ഇലക്ട്രിസിറ്റി, ഡീസൽ, ടെലിഫോൺ, വാടക, കോ-ലൊക്കേഷൻ തുക തുടങ്ങിയവ | 250 |
| 9 | AMC for IT / Non IT ഇൻഫ്രാസ്ട്രക്ചർ , സോഫ്റ്റ്‌വെയർ ലൈസൻസ് തുക | 350 |
| 10 | SOC തുക | 100 |
| 11 | മാനവവിഭവ ശേഷി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, പരിശീലന ചെലവുകൾ, മറ്റിനങ്ങൾ | 75 |
| | ആകെ | 2000 |

**II . പബ്ലിക് വൈ-ഫൈ(ശീർഷകം-4859-02-004-90) - 20 കോടി**

വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും വിവരങ്ങളും അനുബന്ധകാര്യങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത പൊതു ഇടങ്ങളായ ബസ്റ്റാൻഡുകൾ, ജില്ലാ ഭരണകേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയ ഇടങ്ങളിലാണ് പബ്ലിക് വൈ-ഫൈ ലഭ്യമാവുക. സംസ്ഥാന ഐടി മിഷൻ നടപ്പാക്കുന്ന ഈ പദ്ധതി തീരദേശ മേഖലയിൽ അടക്കം ഏതാണ്ട് രണ്ടായിരത്തിലധികം പൊതു ഇടങ്ങളിൽ ഇപ്പോൾ ലഭ്യമാണ്.

പദ്ധതിയുടെ വിശദാംശങ്ങൾ -

| ഘടകം | വിവരണം |
|---|---|
| ചെലവഴിക്കേണ്ട തുക | 20 കോടി |
| നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ | ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ കാണാവുന്നതാണ്. |
| പദ്ധതിയുടെ ഫലം | തീരദേശ ഗ്രാമങ്ങൾ, ആദിവാസി ഗ്രാമങ്ങൾ തുടങ്ങിയ മേഖലകളിലേക്ക് കൂടുതൽ വൈഫൈ കവറേജും അ |

| | |
|---|---|
| ആസ്തി രൂപീകരണം | സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന ലക്ഷ്യം 2000 അധിക ഹോട്ട്സ്പോട്ടുകൾക്കുള്ള ആക്സസ് |
| പൊതുജനത്തിനുള്ള പ്രയോജനം | കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ വിവിധ എം-ഗവേ ഗവേണൻസ് ആപ്ലിക്കേഷനുകൾ ലഭിക്കുന്നതിന് പൗ അവരുടെ സ്മാർട്ട്ഫോണുകൾ/ടാബ്ലെറ്റുകൾ/ലാപ് എന്നിവ ഉപയോഗിച്ച് സൗജന്യ ഇന്റർനെറ്റ് ആക്സസ്സ് |
| പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ | പൊതുജനങ്ങൾക്ക് **500 MB** സൗജന്യ ഡാറ്റാ; പരസ പണമടച്ചുള്ള ഉപയോഗം മുതലായവ വഴി **Wi-Fi** നെറ്റ്വർക്കിലൂടെയുള്ള വരുമാനം. |
| ഗുണഭോക്താക്കൾ | പൊതുജനങ്ങൾ, സർക്കാർ ഓഫീസുകൾ. |

<u>2023 -24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുടെ ഫണ്ട് വിവരങ്ങൾ :</u>

| **ക്രമ നമ്പർ** | **പ്രവർത്തനങ്ങൾ** | **തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ്ജുകളുടെ പേയ്മെന്റ്, പബ്ലിക് വൈ-ഫൈ ഹോട്സ്പോട്ടുകളുടെ അപ്ഗ്രഡേഷനും , ഷിഫ്റ്റിംഗും | 900 |
| 2 | തേർഡ് പാർട്ടി ഓഡിറ്റർക്കുള്ള പേയ്മെന്റ് | 75 |
| 3 | ഓപ്പറേറ്റർക്കുള്ള കുടിശ്ശികയുടെ പേയ്മെന്റ് | 200 |
| 4 | അധിക 2000 ഹോട്ട്സ്പോട്ടുകൾക്കായുള്ള സൈറ്റ് സർവേയ്ക്കുള്ള കൺസൾട്ടൻസി ചാർജ്ജുകൾക്കുള്ള പേയ്മെന്റ്, ഓപ്പറേറ്ററെ കണ്ടെത്തുന്നതിനും ധനസമ്പാദനത്തിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനുമുള്ള RFP ഫ്ലോട്ടിംഗ് തുടങ്ങിയവ | 100 |
| 5 | അധിക 2000 ഹോട്ട്സ്പോട്ടുകൾക്കായുള്ള CAPEX, OPEX തുക, ഓപ്പറേറ്റർക്കുള്ള പേയ്മെന്റ്, ബാൻഡ്‌വിഡ്ത്ത്, വൈദ്യുതി ചാർജ്ജുകൾ തുടങ്ങിയവ | 600 |
| 6 | KFi ബ്രാൻഡിംഗ്, പരസ്യം, ധനസമ്പാദനത്തിനായി Adserver, അനുബന്ധ സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ എന്നിവ വാങ്ങുന്നതിന്, OTT പ്ലാറ്റ്ഫോമിലൂടെ വിവര വിതരണവും ധനസമ്പാദനവും | 75 |
| 7 | KFi പദ്ധതിയുടെ ഓപ്പറേഷൻസ്, മാർക്കറ്റിംഗ് , ധനസമ്പാദന പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കാൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് | 40 |
| 8 | ഭരണപരമായ ചെലവുകൾ (യാത്ര, പരിശീലനം, നൈപുണ്യ ശേഷി വർദ്ധനം , മറ്റു ചെലവുകൾ) | 10 |
| | **ആകെ** | **2000** |

(4). മേൽ വിവരിച്ച പദ്ധതികളുടെ നിർവ്വഹണം, താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായിരിക്കണം :-

(i) പദ്ധതി നിർവ്വഹണ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷന് അനുസൃതമായിട്ടും, നിശ്ചിത ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്.

(ii) ടെണ്ടർ/ഇ-ടെണ്ടർ നടപടിക്രമങ്ങൾ ആവശ്യമുള്ളിടത്ത് അവ പാലിക്കേണ്ടതാണ്.

(iii) പദ്ധതി ചെലവിനനുസൃതമായി മാത്രം ഫണ്ട് പിൻവലിക്കേണ്ടതും, ഫണ്ട് ബാങ്കുകളിലോ മറ്റ് ധനകാര്യസ്ഥാപനങ്ങളിലോ പാർക്ക് ചെയ്യാൻ പാടില്ലാത്തതും മറ്റ് ആവശ്യങ്ങൾക്കായി

വക മാറ്റാൻ പാടില്ലാത്തതുമാണ്.

(iv) സിവിൽ വർക്കുകൾ CPWD നിരക്കുകൾക്കനുസൃതമായിട്ടായിരിക്കണം.

(v) പ്രസ്തുത പദ്ധതി മുഖേന തസ്തിക സൃഷ്ടിക്കുന്നതും വാഹനം വാങ്ങുന്നതും അനുവദനീയമല്ല.

(vii) സ്റ്റേറ്റ് ഡാറ്റാ സെന്റർ പദ്ധതിയ്ക്ക് നിയമനങ്ങൾ ആവശ്യമാണെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളു

(vi) പദ്ധതി നിർവഹണത്തിന് പ്രോജക്ട് സ്റ്റാഫിനെ നിയമിക്കേണ്ടത് ആവശ്യമാണെങ്കിൽ സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(vii) സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിക്കേണ്ടതാണ് .

(5) പ്രസ്തുത പദ്ധതി നിർവ്വഹണം, നിലവിലെ ചട്ടങ്ങളും, മാനദണ്ഡങ്ങളുമനുസരിച്ചാണ് നടപ്പിലാക്കുന്നതെന്നു കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്. ഫണ്ട് റിലീസിനുള്ള പ്രൊപോസൽ നിശ്ചിത മാതൃകയിൽ, പദ്ധതി ചെലവിന്റെ തരം തിരിച്ചുള്ള റിപ്പോർട്ടും, മുൻ സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണ തുകയുടെ ധന വിനിയോഗ സർട്ടിഫിക്കറ്റും സഹിതം സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർവഹണ നടപടിക്രമങ്ങളിൽ വ്യതിയാനമോ ലംഘനമോ ഉണ്ടായാൽ ഫണ്ട് അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**DR RATHAN U KELKAR I A S**
**SECRETARY**

പകർപ്പ് :

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21.08.2023 ലെ EXP-B3/170/2023-FIN പ്രകാരം)
ധനകാര്യ (പ്ലാനിംഗ് - ബി) വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) ഐ&പിആർഡി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 16-09-2023 10:56:11
സെക്ഷൻ ഓഫീസർ